**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 298** **27-06-2022 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിശപ്പ് രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി പഞ്ചായത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതിനുള്ള പ്രപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ ഹോട്ടലിനായി ലഭ്യമാക്കിയ കെട്ടിടത്തിൽ പാചകം ചെയ്യുന്നതിനുള്ള സൗകര്യമോ കുടിവെള്ള കണക്ഷനോ ഇല്ല. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്കോ അല്ലെങ്കിൽ അനുയോജ്യമായ മറ്റ് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കോ സുഭിക്ഷ ഹോട്ടൽ ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്ന് എത്ര പേരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഒരു നിയോജക മണ്ഡലത്തിൽ ഒരു സുഭിക്ഷ ഹോട്ടൽ എന്ന നിലയിലാണ് സുഭിക്ഷ ഹോട്ടലുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റ്, ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം ഓഫീസർ, ആശാ വർക്കർമാർ, അംഗനവാടി ജീവനക്കാർ എന്നിവരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിൽ നിന്നും അന്വേഷണം നടത്തി ജില്ലാ സുഭിക്ഷാ കമ്മിറ്റിയാണ് സൗജന്യ ഭക്ഷണത്തിന് അർഹരായ നിരാലംബരുടെ പട്ടിക തയ്യാറാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ നല്കുക വഴി സമൂഹത്തിൽ നിന്നു വിശപ്പ് ഇല്ലാതാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിരാലംബരും, കിടപ്പ് രോഗികളും ഒരു നേരത്തെ ഭക്ഷണം പോലും പാചകം ചെയ്ത് കഴിയ്ക്കാൻ ബുദ്ധിമുട്ടുന്നവർ, നിരാശ്രയർ തുടങ്ങിയവരെയാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി കണക്കാക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിപരിചയമുള്ള സർക്കാർ/ സർക്കാരിതര സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ